(സി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ പ്രസ്തുത വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ സ്ഥിര നിയമനം നൽകി ജോലി സുരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഡി.പി.ഐ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുത്തുവെന്ന വെളിപ്പെടുത്തുമോ;

(ഡി) പരിമിതമായ യാത്രാസൗകര്യങ്ങളിൽ, കിലോമീറ്ററുകൾ കാൽനടയാത്ര ചെയ്ത് അർപ്പണ മനോഭാവത്തോടെ ജോലി ചെയ്യുന്ന ഏകാദ്ധ്യാപകരുടെ ജോലി സുരക്ഷ ഉറപ്പ് വരുത്തുന്നതിന് അടിയന്തരമായി തീരുമാനം എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) 1-3-2014-ലാണ് പ്രസ്തുത ഉത്തരവ് പുറത്തിറങ്ങിയത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പത്ത് എണ്ണത്തെ സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടമായി അവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരെ അവരുടെ യോഗ്യതയും സേവന കാലയളവും പരിഗണിച്ച് അദ്ധ്യാപകരായോ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായോ നിലനിർത്തണമെന്ന ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഇവരുടെ ജോലി സുരക്ഷ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

1(4595) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാനിയോസ് കോളേജിൽ നിന്നും റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതു സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ (ഫയൽ നം. 34180/C3/12/HEdn) അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ;

---

* ലൈബ്രറി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 42037/EDNC2/Fin നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ വകുപ്പിനു നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം ഫയൽ ധനകാര്യ വകുപ്പിന് പുനഃസമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഫയൽ പുനഃസമർപ്പിക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ-സി) ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഫയൽ, ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിശദാംശങ്ങളുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾകൂടി ഉൾപ്പെടുത്തി ആ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(ഡി) ബാധകമല്ല.

കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിനുള്ള നടപടികൾ

2(4596) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളും നിർദ്ദേശങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തിയ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും തുക മാറ്റിവയ്ക്കുകയും ഈ തുക ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്. സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം

LIBRARY ARCHIVES Kerala Legislative Assembly